# ചൈത്രം


Digital painting by Anamika Shameer-9B

## ലിറ്റിൽ കൈറ്റ്സ്-2023-2024

## അഴീക്കോട് ഹയർ സെക്കന്ററി സ്കൂൾ

# ചൈത്രം

## ചായങ്ങൾ

## ചാലിച്ച്........



റവന്യൂ ജില്ല

കണ്ണൂർ

വിദ്യാഭ്യാസ ജില്ല

കണ്ണൂർ

ഉപജില്ല

പാപ്പിനിശ്ശേരി

പ്രധാന അദ്ധ്യാപിക

ശ്രീമതി.കെ.ഗീത

പി.ടി.എ പ്രസിഡന്റ്

ശ്രീ.രാജേഷ്.എം

മദർ പി.ടി.എ.

ശ്രീമതി.രമിത

# എന്റെ വിദ്യാലയം

പ്രൗഢഗംഭീരമായ വിളംബര ജാഥയും ഉദ്ഘാടനവും കഴിഞ്ഞ് ഒരു വർഷക്കാലം നീണ്ടു നിൽക്കുന്ന എഴുപത്തഞ്ചാം വാർഷിക ആഘോഷത്തിലേക്ക് കടന്നിരിക്കുന്ന അഴീക്കോട് ഹയർ സെക്കൻഡറി സ്കൂൾ കണ്ണൂർ ജില്ലയിലെ ഏറെ ശ്രദ്ധേയമായ ഒരു വിദ്യാഭ്യാസസ്ഥാപനമാണ്.

കണ്ണൂർ ജില്ലയിലെ അഴീക്കോട് പഞ്ചായത്തിലെ വൻകുളത്ത് വയലിലാണ് സ്കൂൾ സ്ഥിതി ചെയ്യുന്നത്.1950–ൽ സ്കൂളിന്റെ ആദ്യ ഡയറക്ടർമാരിൽ ഒരാളായ ശ്രീ.സി.എം.ഗോപാലൻ നമ്പ്യാരുടെ ഉടമസ്ഥതയിൽ കൊട്ടാരത്തും പാറയിലാണ് ഈ വിദ്യാലയത്തിന്റെ പ്രവർത്തനംആരംഭിച്ചത്.പിന്നീട്ഡയറക്ടർമാരിൽഒരാളായശ്രീ. എ.കെ.നായരുടെ ഭാര്യ ശ്രീമതി.പി.വി.മാധവിയമ്മ സൗജന്യമായി നൽകിയ സ്ഥലത്ത് വൻകുളത്ത് വയലിന്റെ ഹൃദയ ഭാഗത്ത് ഇന്ന് നിലവിലുള്ളകെട്ടിടംപണിതു.

സമൂഹത്തിൽ പ്രഗത്ഭരും പ്രശസ്തരുമായ നിരവധി വ്യക്തിത്വങ്ങൾ ഈ വിദ്യാലയത്തിന്റെ പടി കടന്നു പോയവരാണ്.വിശാലമായ ക്ലാസ്സ്മുറികളും,ലൈബ്രറിയും,കമ്പ്യൂട്ടർലാബുംസ്കൂളിലുണ്ട്.എൻ.സി. സി,എസ്.പി.സി, സ്കൗട്ട് ആന്റ് ഗൈഡ്സ്,ജെ.ആർ.സി, ലിറ്റിൽ കൈറ്റ്സ് ,എൻ.എസ്.എസ് എന്നീ യൂണിറ്റുകളും സ്കൂളിൽ പ്രവർത്തിക്കുന്നു.കലാകായിക രംഗത്ത് സംസ്ഥാന തലം വരെ സ്കൂളിന്റെ പ്രശസ്തി എത്തിച്ച പ്രതിഭകൾ ഓരോ വർഷവും ഈ വിദ്യാലയത്തിന്റെപടിയിറങ്ങുന്നു.



# ആശംസകളോടെ...

അഴീക്കോട് സ്കൂളിലെ സർഗ്ഗപ്രതിഭകളും ഡിജിറ്റൽ വിപ്ലവത്തിന് ഒരുങ്ങുന്ന ലിറ്റിൽ കൈറ്റ്സ് അംഗങ്ങളും ചേർന്ന് തയ്യാറാക്കുന്ന **ചൈത്രം** ഡിജിറ്റൽ മാഗസിന് എല്ലാവിധ ആശംസകളും നേരുന്നു.


**ശ്രീമതി.കെ.ഗീത**

HM AHSS

ആശംസകളോടെ മറ്റ് സ്റ്റാഫ് അംഗങ്ങൾ,പി.ടി.എ

# സാക്ഷ്യപത്രം

എന്റെ വിദ്യാലയത്തിലെ കുട്ടികളുടെ സ്വപ്രയത്നമാണ്
ഈ മാഗസിൻ എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു



# EDITORIAL BOARD

അനുഷ്ക

ദേവിക

അനാമിക ഷമീർ

ശ്രീരവ്

സുമിത്ത്

പൂർണിമ

സീമ.എം. വി

പ്രിയ.കെ

കിഷൻ.സി.എച്ച്

രാജീവൻ പാറയിൽ

നിമിഷ.എൻ. വി

വിജിഷ.ടി

# ആമുഖം

കലാ സാഹിത്യ സൃഷ്ടികൾ കാലാതീതമാണ്.ഓരോ കുഞ്ഞു ഹൃദയവും അനശ്വരമായ സർഗ്ഗ സമ്പത്ത് നിറഞ്ഞതാണ്.വിദ്യാഭ്യാസത്തിന്റെ പൂർണത അത്തരം നിധികൾ കണ്ടെത്തുക എന്നതാണ്.അതിലേക്കുള്ള ഒരു ചെറിയ യാത്രയാണ്...ചൈത്രം

ചൈത്ര മാസത്തിലെ കൊന്നപ്പൂക്കളാകുന്ന ഈ മാഗസിൻ താളുകൾ ആ ഒരു പൂർണത കണ്ടെത്താനുള്ള ശ്രമം മാത്രമാണ്.പ്രതീക്ഷയോടെ

ചൈത്രം

# ചൈത്ര താളുകളിൽ

ചങ്ങാത്ത യാത്ര......................................................................11

Cimate change and its impact...........................15

THEYYAM.....................................................................17

കഥകളി......................................................................19

മായാപ്രപഞ്ചം......................................................................21

ആടുജീവിതം......................................................................25

പെണ്ണ്......................................................................29

ചിരുമ്മ......................................................................31

മഴയുടെ മധുരം......................................................................33

ഗുരുനാഥൻ......................................................................34

വിപത്ത്......................................................................35

# അറിവ്- ഒരു യാത്ര



# ചങ്ങാത്ത യാത്ര

**യാത്രാ വിവരണം**

**സുമിത്ത്.പി.വി-XC**

2024 ജനവരി 1 പുതുവത്സര പുതുമയിൽ അഴീക്കോട് ഹയർ സെക്കൻഡറി സ്കൂളിലെ പത്താം തരത്തിലേയും കുറച്ച് ഒമ്പതാം ക്ലാസിലെയുംമിടുക്കരായ കുട്ടികൾ യാത്രയ്ക്ക് തയ്യാറായി.രാത്രി7.30ന്പുറപ്പെടേണ്ടയാത്ര 9:30ന് നാലു ബസ്സുകളിലായി, കുട്ടികളുടെ സ്വപ്നയാത്ര ആരംഭിച്ചു. ആഘോഷങ്ങൾക്ക് തുടക്കമായി പാട്ടും ഡാൻസും കുറെ കുറെ പലഹാരങ്ങളും കഴിച്ച് അങ്ങനെ ഏകദേശം 12.30 കഴിഞ്ഞിരുന്നു ഉറങ്ങാൻ.ഉറങ്ങി

എഴുന്നേൽക്കുമ്പോൾ വാഗമണ്ണിലെ മഞ്ഞു കളെ കീറിമുറിച്ച് ബസ്സും നമ്മളും പോകുന്നു. വാഗമണ്ണിലെ മഞ്ഞിന്റെ കുളിർമ എല്ലാവരുടെയുംമിഴികളെയുംകുളിരണിയിച്ചു. പല ഗ്രൂപ്പുകൾ ആയി തിരിഞ്ഞ് ബസുകൾ പല സ്ഥലത്തുള്ള കോട്ടേജുകളിലേക്ക് യാത്രയായി. ഏവരും സുന്ദരിയും സുന്ദരനും ആയി പ്രഭാത ഭക്ഷണം കഴിക്കാൻ വീണ്ടും ബസ്സിൽ യാത്ര തുടർന്നു. ഭക്ഷണത്തിനായി ഒരു റിസോർട്ടിൽ എത്തി. കുറച്ചുപേർക്ക് അവിടെതന്നെയായിരുന്നുമുറി .തീവണ്ടിയായി ഭക്ഷണം വാങ്ങി കഴിച്ചു .വാഗമണ്ണിലെ വിവിധ സ്ഥലത്തേക്ക് യാത്ര തുടർന്നു.

ആദ്യം പോയത് മൊട്ടക്കുന്നിലേക്ക് ഉയർന്നു താണും പച്ചപരവതാനി വിരിച്ച ഒരു സ്ഥലം.തണുപ്പ് പ്രതീക്ഷിച്ചില്ലെങ്കിലും സൂര്യൻ നമ്മളെ നോക്കി പുഞ്ചിരിച്ചു .നേരിയ തണുപ്പ് എങ്കിലും ഉണ്ടായിരുന്നു.

പിന്നീട് ഓർമ്മകൾ അയവിറക്കാൻ ചിത്രങ്ങൾ മൊബൈലിൽ പകർത്തി അവിടെനിന്നുംയാത്ര. കടകളിൽനിന്നായി





പലരും പലതും വാങ്ങി കഴിച്ചു ബസ്സിൽ കയറി യാത്ര മുന്നോട്ട്. വാഗമൺ . ഗ്രാസ് ബ്രിഡ്ജ് സ്ഥലത്തേക്ക് എത്തി. ബ്രിഡ്ജിൽ ഒരുമിച്ചു കയറാൻ പരിമിതി ഉള്ളതിനാൽ കുറച്ചു കുറച്ച് ആളായി കയറി. അഞ്ച് പാളി ഗ്ലാസ് വെച്ച് ഒരു ബ്രിഡ്ജ് ആണ് അത് താഴോട്ട് നോക്കിയാൽ ചെറിയ പേടിയൊക്കെ തോന്നും താഴെ വലിയ കൊക്ക പോലുള്ള സ്ഥലങ്ങളാണ് .അവിടെ പാരച്ചൂട്ടുംവലിയഊഞ്ഞാലുംഉണ്ടായിരുന്നു.അവിടെനിന്ന്എല്ലാവരും ഒത്തുചേർന്ന് വീഡിയോയും ഫോട്ടോയും എടുത്തു റിസോർട്ടിലേക്ക്. ഭക്ഷണം കഴിച്ചു.ബിരിയാണിയായിരുന്നു.

ഭക്ഷണം കഴിഞ്ഞായരുന്നു യാത്ര **കുരിശുമലയിലേക്ക്** .എല്ലാവർക്കും കുറച്ച് ബുദ്ധിമുട്ട് തോന്നിയ സ്ഥലം ഇതായിരിക്കും. എത്രയോ ഉയരത്തിൽ കയറണം .കയറും തോറും യേശുവിന്റെ ജീവിത സന്ദർഭ നിമിഷങ്ങളുടെ പ്രതിമകൾ കാണാം. മുകളിൽ എത്തിയതും അവിടെ ഒരു പള്ളിയുണ്ട്. ഒരു കിണറും .പാറ പൊട്ടിച്ച് കുഴിച്ച് അതിനാൽ വെള്ളം തണുത്തതാണ്. പരിശ്രമിച്ചത് വെറുതെയായില്ല മനോഹരമായ സ്ഥലം കുന്നിൻ മുകളിൽ നിന്ന് നോക്കിയാൽ കൊക്ക കാണാം. ക്രിസ്ത്യൻ പള്ളിയിലെ ഏറ്റവും നല്ലൊരു പള്ളി ഇതു തന്നെയാവാം. കയറാൻ ബുദ്ധിമുട്ടുണ്ടെങ്കിൽ എളുപ്പം ഇറങ്ങി. താഴെ എത്തിയ എല്ലാവരും ഓരോന്ന് വാങ്ങി കഴിച്ചു ബസ്സിലേക്ക്.സമയംഇരുണ്ടുതുടങ്ങി.

റിസോർട്ടിലേക്ക്. വൈകുന്നേരത്തെ ചായ കുടിച്ചു.ബിസ്കറ്റ് ചായയും കുടിച്ചുകൊണ്ട് വ്യൂ പോയിന്റിൽ ഇരുന്ന് അധ്യാപകരും വിദ്യാർത്ഥികളും. പാട്ടിൻറെ വിരുന്നൊരുക്കി. ശരീരം തണുക്കുന്ന മഞ്ഞിനെ എതിർക്കാൻ അഗ്നി കുമ്പാരം ആക്കി. പാട്ടുവച്ചു എല്ലാവരും ഡാൻസ് കളിച്ചു കുറെ നേരം ക്യാമ്പ് ഫയർ നീണ്ടു. ഭക്ഷണം കഴിച്ചു. പൊറോട്ടയും ചപ്പാത്തിയും ഉണ്ടായിരുന്നു. എല്ലാം കഴിഞ്ഞ് ഒരു വിശ്രമം ശേഷം എല്ലാവരും അവരവരുടെ താമസസ്ഥലത്തേക്ക്.കുറച്ച് നേരമായിക്കാണും എല്ലാവരും കിടക്കാൻ. കുളിച്ച് കിടന്നു. രാവിലെ എഴുന്നേറ്റു. അടുത്ത സ്ഥലത്തേക്ക്.

സമയം 6 മണി കഴിഞ്ഞു .എറണാകുളം വാഗമണ്ണിലേക്ക് യാത്ര തിരിച്ചു. ബസ്സിലെ പാട്ടിന് താളം പിടിച്ചു.എറണാകുളം എത്തി.

പ്രഭാത ഭക്ഷണം കഴിച്ച് യാത്ര തുടർന്നു. വണ്ടർല്ലയിലെത്തി. എല്ലാവരും വിനോദസാമഗ്രികളിൽ കയറാൻ അനുയോജ്യമായ വസ്ത്രം ധരിച്ചു .ഉള്ളിൽ കയറാൻ തുടക്കമായി ടിക്കറ്റ് കോയിൻ ലഭിക്കാൻ വൈകി .12 മണി കഴിഞ്ഞ ഉള്ളിലേക്ക് പ്രവേശിച്ചു എല്ലാവരും സ്വതന്ത്രനായി ഓരോ ഭാഗത്തേക്ക്. പല വിനോദത്തിലും ഏർപ്പെട്ടു ഉച്ചവരെ വെള്ളത്തിൽ ഇറങ്ങാതെ മറ്റു പലതിലും കയറി .ഉച്ചയ്ക്കുശേഷം ഭക്ഷണം കഴിഞ്ഞ് വെള്ളത്തിലെ റൈഡുകളിലേക്ക്. പറഞ്ഞാൽ തീരാത്ത റൈഡുകൾ ഉണ്ട് ഏറ്റവും അവസാനം wave poolൽ ഇറങ്ങി നിർത്തി. ആറ് മണി കഴിഞ്ഞിട്ടുണ്ടാകും. വസ്ത്രം മാറി ബസ്സിലേക്ക്. യാത്ര തുടർന്നു .ലുലു മാളിലേക്ക് .ബസ്സിലെ മുഴുവൻ സമയവും പാട്ടിൽ തന്നെ. ലുലു മാളിൽ എത്തി ചുറ്റിക്കറങ്ങി ആവശ്യമായ സാധനങ്ങളും വാങ്ങിച്ചു. 9 മണിക്ക് ഇറങ്ങാനാണ് തീരുമാനിച്ചതെങ്കിലും പത്ത് മണി കഴിഞ്ഞിരുന്നു ഇറങ്ങാൻ അവിടെ ഒരു ഹോട്ടലിൽ നിന്ന് ഭക്ഷണം. ബസ്സിൽ കയറി .വീട്ടിലേക്ക് യാത്ര. എല്ലാം കഴിഞ്ഞു ബസ്സിൽ ഉറങ്ങി എഴുന്നേറ്റു എത്താറായി.

അധ്യാപകരും വിദ്യാർത്ഥികളും ചങ്ങാതിമാരും ഒത്ത ആ അപൂർവ്വം നിമിഷം കഴിയാൻ മിനിറ്റുകൾ മാത്രം. ബസ് സ്കൂളിന് മുന്നിലെത്തി റോഡിൽ നിർത്തി .എല്ലാവരെയും മാതാപിതാക്കൾ കൂട്ടാൻ വന്നിരുന്നു. നിരാശരായി എല്ലാവരും രക്ഷിതാക്കളുടെ കൂടെ വീട്ടിലേക്ക് .ഒരിക്കലും തിരിച്ചു വരാത്ത സ്കൂൾ ജീവിതത്തിലെ ആ യാത്ര അവസാനിച്ചു .അന്നേദിവസം സ്കൂൾ പ്രവർത്തിച്ചിരുന്നു എങ്കിലും ഭൂരിഭാഗം കുട്ടികളും സ്കൂളിൽ പോയില്ല. സങ്കടത്തോടെ തിരിച്ചുവരാതെ ആ യാത്രയുടെ ഓർമ്മകളിലൂടെ .........



# ലഘുലേഖനങ്ങൾ

# CLIMATE CHANGE AND ITS IMPACTS

short note

Siya Rajandran . 9A

Climate change is like the Earth getting a fever. It happens when the air gets warmer because of things people do, like burning fossil fuels for energy and cutting down trees. This extra heat messes up the weather and makes things go haywire all over the planet.

One big problem with climate change is that it makes the Earth hotter. This leads to heatwaves that can make people sick, especially older folks and kids. It's like when it's super hot outside, but it's happening more often and getting worse.

Another big issue is that climate change melts ice at the North and South Poles and in mountains. When the ice melts, it adds more water to the oceans, which makes sea levels rise. This can flood places where people live near the coast, causing lots of damage and making people move away from their homes.

Climate change also messes with the weather. It makes storms stronger and more dangerous. Think about hurricanes, droughts, and wildfires—they're all getting more intense because of climate change. These disasters hurt people, animals, and plants, and they can



damage,homes and farms.

But it's not just about the weather. Climate change affects everything, even things we don't always think about. It can make it harder to grow food because some places get too dry, while others get too wet. This can lead to shortages of food, which means people might not have enough to eat.

So, what can we do about it? We need to use less energy from fossil fuels like coal and oil, and we need to protect forests because trees help soak up carbon dioxide, one of the main gases causing climate change. We also need to be ready for the changes that are already happening, like building stronger houses and helping people who are most affected.

In the end, everyone needs to work together to fight climate change. Governments, businesses, and regular people all have a role to play in making the Earth healthier and safer for everyone. If we take action now, we can slow down climate change and protect our planet for the future.



# THEYYAM

Rhudhi Sreejith-9 f

An explosion of colours with an inspiring head gears, costumes and face designs. The rhythm of the resonating brats of the chenda The intense fragrance of the burning camphor mystifying the ambience. Then you stand stunned, with your eyes wide open, To capture the grando of the dancing figure before you. These are the aspects that contribute to the grandeur of this spectable called **Theyyam**.

The blissful state of Kerala has a greater wealth of cultural traditions than any other part of the country. It is one of the most special and extraordinary festivals..The religious and ritualistic dance, drama orginated in Malabar the northern belt of Kerala to the north Malabar region of Kerala the roofs of this folk art. Which is a blend of music, dance and fervent devotion.

Each Theyyam performance has an aura of divine splendor as it is accompained by rituals and other devotional music It is believed that while performing the artist becomes the representative of the divine .The word Theyyam is local perlance of God. And hence theyyam means dance of God. Many Keralites believes that Theyyam is their visible form of Gods. It is usually performed in shrines sacred groves called Kaavu.

Theyyam is often performed by men and they themselves inact the female roles. There are more than 400 various kinds of Theyyam performed in Kerala. Bamboos which are covered with colour cloths coconut leaves and flowers. The impact! and powerful Theyyam performances make this art form beautiful.



# കഥകളി

അക്ഷര അനിൽ-9F

ആഗോള പ്രശസ്തി ആർജ്ജിച്ച കേരളത്തിൻറെ തനത് കലയാണ് കഥകളി. [കലകളുടെ രാജാവ് ] എന്നാണ് കഥകളി അറിയപ്പെടുന്നത്. നൃത്തം, അഭിനയം, സംഗീതം തുടങ്ങിയ സുന്ദര കലകൾ ഇതിൽ സമ്മേളിക്കുന്നു. കഥകളിയിൽ പല വേഷങ്ങളും ചട്ടങ്ങളും ഉണ്ട്.കഥകളിയുമായിബന്ധപ്പെട്ടഐതിഹ്യം രസകരമാണ്.

കോഴിക്കോട് സാമൂതിരി രാജാവിൻറെ മേൽനോട്ടത്തിൽ കൃഷ്ണനാട്ടം എന്നകലാരൂപംനടത്തിയിരുന്നു.കൊട്ടാരക്കരതമ്പുരാൻ ഇത് പരിഷ്കരിച്ച് ആരംഭിച്ച പ്രസ്ഥാനമാണ് കഥകളി എന്ന് ഐതിഹ്യം. നിരവധി ചടങ്ങുകളിലൂടെയാണ് കഥകളി എന്ന കലാരൂപം എത്തിച്ചേരുന്നത്. രാമനാട്ടം എന്ന കല പരിഷ്കരിച്ചാണ് കഥകളി ഉണ്ടായത്. കഥകളിക്ക് വേണ്ടി രചിക്കപ്പെട്ട കാവ്യമാണ് ആട്ടക്കഥ. പശ്ചാത്തലത്തിലെ പാട്ടുകൾക്കനുസരിച്ചുള്ള ഹസ്തമുദ്രകളിലൂടെയും, മുഖഭാവങ്ങളിലൂടെയും നടന്മാർ അരങ്ങ് അഭിനയിച്ചാണ് കഥകളിയിൽകഥപറയുന്നത്.

അതുകൊണ്ടുതന്നെ കഥകളി സംഗീതത്തിൽ സാഹിത്യത്തിന് വലിയ പ്രാധാന്യമുണ്ട്.ചെണ്ട,മദ്ദളം,ചേങ്ങില ,ഇല



ത്താളം തുടങ്ങിയവയാണ് കഥകളിക്ക് ഉപയോഗിക്കുന്ന വാദ്യങ്ങൾ. വേഷങ്ങളെ പ്രധാനമായും പച്ച, കത്തി, കരി, താടി, മിനുക്ക് എന്നിങ്ങനെ അഞ്ചായിട്ട് തിരിച്ചിരിക്കുന്നു.പച്ച സൽകഥാപാത്രങ്ങൾക്കും കത്തി ഗാംഭീര്യമുള്ള വില്ലൻ കഥാപാത്രങ്ങൾക്കുമാണ്. നൃത്തം നാട്യം ഗീതം വാദ്യം എന്നിങ്ങനെ അഞ്ചു ഘടകങ്ങളുടെ സമഞ്ജസസമ്മേളനം ആണ് കഥകളി. പാരമ്പര്യ രീതിയിൽ കഥകളി പരിശീലനം നടത്തുന്ന പ്രമുഖ കേന്ദ്രമാണ് കേരളകലാമണ്ഡലം. കേളികൊട്ട് ,അരങ്ങുകേളി ,തോടയം, വന്ദന ശ്ലോകം, പുറപ്പാട്ട്, മേള പദം, കഥാരംഭം എന്നിവയാണ് കഥകളിയിലെ ചടങ്ങുകൾ.



painting by Seja-7A



# മായാപ്രപഞ്ചം

അൻവിൻ.പി-8H

സാങ്കേതിക ലോകം ഉലകത്തെ മാറ്റിമറിക്കുകയാണ്. മനുഷ്യനും അതിൻെ കൂടെ തന്നെ മാറി മറിയുന്നു. നമ്മുടെ സാങ്കേതിക ഉപകരണങ്ങൾ മാറുന്നു. ജീവിതം കൂടുതൽ മെച്ചപ്പെടുകയും ചെയ്യുന്നു. വാർത്താവിനിമയംഎളുപ്പമായിമാറു കയാണ്.

നാംവിചാരിക്കുന്നതിലും വിശാലമാണ് സാങ്കേതിക ലോകം, ഇപ്പോൾ നമുക്ക് ഇന്റർനെറ്റിന്റെ അഭാവം ആലോചിക്കാൻ തന്നെ കഴിയില്ല.പലകാര്യത്തിനുംഇന്റർനെ റ്റ്ആവശ്യമുള്ളതായമാറി.ഇന്റർനെറ കൊണ്ട്നമുക്ക്ഒരുപാട്നേട്ടങ്ങളുണ്ട്. ഇന്ന്നമ്മുടെ ഒരു വിരൽത്തുമ്പിൽ ലോകത്തിന്റെ ഏത് മൂലയിലെയും വിവരങ്ങൾഅറിയാം.

ഇന്റർനെറ്റിന്റെ വാർത്താവിനിമയംഅത്തരത്തിലാ ണ്. ആളുകൾക്ക് ഓൺലൈനിലൂടെ തന്നെ നിരവധി ആളുകളുമായി ബന്ധപ്പെടാൻ കഴിയും. വിദ്യാഭ്യാസ രംഗത്താണിപ്പോൾ ഇന്റർനെറ്റിന്റെ വ്യാപകമായൊരു ഉപയോഗമുള്ളത്. കുറെയധികംകാര്യങ്ങൾക്ക് വേണ്ടി വിദ്യാർഥികളെല്ലാം ഇന്റർനെറ്റിന്റെ സേവനം തേടുന്നു.

ലോകത്തിലെ സംഭവങ്ങളെ കുറിച്ച് ഇന്റർനെറ്റ് ഓരോ മിനുട്ടിലും നമ്മെ അറിയിക്കുന്നു. കൂടാതെ ഷോപ്പിംഗ്, ബാങ്കിംഗ്, ബില്ലുകൾ അടയ്ക്കൽ, വിമാന ടിക്കറ്റ് ബുക്ക് ചെയ്യാൻ എന്നിവ വീട്ടിൽ നിന്നിറങ്ങാതെ തന്നെ ചെയ്യാൻ നമ്മെ പ്രാപ്തരാക്കുന്നു.

ഇന്റർനെറ്റിന്റെ വിശാല ലോകം യുവജനതയ്ക്ക് ഒരുപാട് തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കുന്നുണ്ട്. ബ്ലോഗിങ്ങ് ഡിസൈനിംഗ് , ഡാറ്റ എന്നിവയൊക്കെകൊണ്ട്ഓൺലൈ ൻ ലോകത്തെ സാധ്യതകൾ നമുക്ക് ഒരുപാട് ഉപയോഗപ്പെടുത്താം. നമ്മുക്ക് വിവരങ്ങൾ അറിയിക്കാനും കൈ മാറാനും ഇന്റർനെറ്റ് വഴി വേഗംകഴിയും.സാമൂഹ്യബന്ധങ്ങളി ൽ ഇന്റർനെറ്റാണ് ഇന്ന് ശക്തമായ സ്വാധീനമായിനിൽക്കുന്നത്.

സമൂഹമാധ്യമങ്ങളിലെ സന്ദേശങ്ങൾ വഴി ആളുകളെ പ്രചോദിപ്പിക്കുകയും ഒരുപാട് സ്വാധീനിക്കുകയും പഠിപ്പിക്കുകയും ചെയ്യുന്നു.ഇന്റർനെറ്റ് ഒരു മനുഷ്യനെ

അവന്റെ സോഫയിൽ ഇരുത്തി പുതിയപുതിയ ലക്ഷ്യസ്ഥാനങ്ങൾ പര്യവേക്ഷണം ചെയ്യിക്കുന്നു. ഇന്ന് മൊബൈൽ എന്ന ചെറിയ ഉപകരണം കൊണ്ട് ലോകത്തിലെ മുഴുവൻ കാര്യങ്ങളും ഒരു വിരൽത്തുമ്പിലാകുന്നു.

ഓൺലൈൻ വഴി വ്യാപാരം നടത്താനും ഭക്ഷണം വീട്ടിൽ എത്തിക്കാനും കഴിയും, മനുഷ്യൻ തന്റെ ജോലി കഴിഞ്ഞ വിശ്രമ സമയങ്ങളിൽ സന്തോഷത്തിനായി ഇന്റർനെറ്റിനെ ആശ്രയിക്കുന്നു. ലോകത്തിലെമുഴുവൻ കമ്പ്യൂട്ടറുകൾ ഇന്റർനെറ്റുമായി ഇങ്ങനെ ഇട ചേർന്നിരിക്കുകയാണ്.

ഇലക്ട്രോണിക്കൽ വയർലെസ്, ഒപ്റ്റിക്കൽ നെറ്റ് വർക്കിംഗ് സാങ്കേതിക വിദ്യ ചേർന്ന് ഇന്റർനെറ്റ് തീവ്രമായ വിവര ഉറവിടങ്ങൾ വഹിക്കുന്നു. പലതരം ആപ്ലിക്കേഷനുകൾഇന്റർനെറ്റിനെ ആശ്രയിക്കുന്നതെന്നും വിവരങ്ങൾ കൈമാറാനാണ്.

ആരോഗ്യരംഗത്ത് വിപ്ലവങ്ങൾ സൃഷ്ടിക്കാൻ ഇന്റർനെറ്റിന് സാധിച്ചിട്ടുണ്ട്, സാങ്കേതികമായി വികസനം നടക്കുന്ന ജപ്പാൻ, കൊറിയ, അമേരിക്ക, ചൈന തുടങ്ങിയ രാജ്യങ്ങളെല്ലാംതന്നെ സാമ്പത്തികമായും വളരുകയാണ്. ഇന്ത്യയും കൂടെ പുരോഗനം നേടി വരുന്നു.ആർട്ടിഫിഷ്യൽ അഥവാ 'AI',മൈക്രോചിപ്പ്,ചാറ്റ്ജിപിടി,വർ ച്വൽറിയാലിറ്റിതുടങ്ങിയഉപകരണ ങ്ങളും നമുക്ക് വർത്തമാന കാലത്ത്ഉപയോഗിക്കാം.വിജ്ഞാന ത്തിന്റെ ഉറവിടങ്ങളാണ് ഓരോ ഇന്റർനെറ്റ് സൈറ്റുകളും.പുസ്തകങ്ങൾ മാറി മാറി വായിച്ച് അറിവുകൾ നേടുന്ന പോലെ പല സൈറ്റുകളിൽ നിന്നും അറിവുകൾ ശേഖരിക്കാം.




ഇങ്ങനെയൊക്കെ ആകുമ്പോഴും ഇന്റർനെറ്റിന്റെ ദൂഷ്യവശങ്ങൾക്കും അറുതിയില്ല. കുട്ടികളും കൗമാരക്കാരുമാണ് പലപ്പോഴും ഇന്റനെറ്റിൻറെ ചതിക്കുഴികളിൽ അകപ്പെടുന്നത്. ഹാക്കർമാർ ആണ് ഇന്റർനെറ്റ് ഉപയോഗിക്കുന്ന ജനങ്ങളുടെ ഭീഷണി. 'OTP' പുറത്തറിയിക്കുന്നത് വഴി പണം നഷ്ടപ്പെടാനുള്ള സാധ്യതയേറെ. ഇത് മനുഷ്യരുടെ മാനസികവും, ശാരീരികവുമായ പിരിമുറുക്കത്തിനും നയിച്ചേക്കാം, ആത്മഹത്യയിലേക്കുപോലും ഇത് നയിച്ചേക്കാം.കുട്ടികൾക്കുംകൗമാര ക്കാർക്കുംഇൻർനെറ്റിന് ആസക്തി ഉണ്ടായേക്കാം. അത് അവരെ പഠനത്തെ ബാധിക്കാം. തെറ്റായ ചിന്തകളിലേക്കുംസ്വഭാവങ്ങളിലേ ക്കും അവരെ കൊണ്ടു പോകും.

ഓൺലൈൻ ഗെയിമുകൾ കുട്ടികളിൽ വലിയ സ്വാധീനം ചെലുത്തുന്നു. ഇപ്പോൾ ലോകം

ഉന്നതിക്കുന്ന ചോദ്യമിതാണ്. മൊബൈലും ഇന്റർനെറ്റും ഒരുക്കുന്ന മായാലോകം നമ്മെസാമൂഹിക ജീവി എന്ന നിലയിൽ നിന്ന് അകറ്റുകയാണോ, അതോ ഒന്നിപ്പിക്കുകയാണോ?. വിദഗ്ധർ പറയുന്നത് നമ്മുടെ സമൂഹത്തെ സമൂഹമാധ്യമങ്ങൾ നശിപ്പിക്കുകയാണ് എന്നാണ്. എന്നാലും അതിനുള്ള ബലമായ തെളിവുകൾ ഒന്നും കിട്ടിയിട്ടില്ല പഠനങ്ങൾ തെളിയിക്കുന്നതു എന്താണ് എന്ന് വച്ചാൽ കുട്ടികൾക്ക് പുറത്ത് നിന്നുള്ള കളികൾക്ക് താൽപര്യം കുറഞ്ഞുവരികയാണെന്നാണ്, മൊബൈൽ ഫോണുകൾ തന്നെയാണ് ഇതിന് കാരണം

ഇതൊക്കെ തന്നെയാണെങ്കിലും ഇന്റർ നെറ്റിന്റെ ഗുണങ്ങൾ എണ്ണമറ്റതാണ്. ഈ 21-ാം നൂറ്റാണ്ടിൽ ഇന്റർനെറ്റിലാത്ത ലോകം നമുക്ക് ആലോചിക്കാൻ തന്നെ യാകില്ല, പല മേഖലകളിലും ഇന്റർനെറ്റിന്റെ പങ്ക് വളരെവലുതാണ്,



**ആസ്വദിച്ച് എഴുതുന്ന എന്തും ആസ്വാദനമാണ്**

# ആടു ജീവിതം

ദേവിക.എ-8 d

ബെന്യാമിൻ എഴുതിയ മലയാളം നോവലാണ് ആടുജീവിതം. വലിയ സ്വപനങ്ങളുമായി സൗദി അറേബ്യയിൽ ജോലിക്കായി പോയി വഞ്ചിക്കപ്പെട്ട് മരുഭൂമിയിലെ ഒരു ആട് വളർത്തൽ കേന്ദ്രത്തിൽ ദാരുണസാഹചര്യങ്ങളിൽ മൂന്നിലേറേ വർഷം അടിമപ്പണി ചെയ്യേണ്ടി വന്ന  നജീബ് എന്ന മലയാളി യുവാവിന്റെകഥയാണിത്.

തൊഴിലാളിയായി ജോലി ചെയ്തിരുന്ന നജിബ്, ഒരു സുഹൃത്തിന്റെ ബന്ധുവഴി കിട്ടിയ തൊഴിൽ വിസയിലാണ് സൗദി അറേബ്യയിലേക്ക് പോയത് . കൂടെ അതേ വഴിക്കു തന്നെ വിസ കിട്ടിയ ഹക്കിം എന്നെ കൂട്ടുകാരനും ഉണ്ടായിരുന്നു . റിയാദിൽ വിമാനം ഇറങ്ങിയ അവർ വിമാന ത്താവളത്തിൽ അവരുടെ സ്പോൺസറെ അന്വേഷിച്ചു നോക്കുന്നതായി തോന്നിയ ഒരു അറബിയെ കണ്ടുമുട്ടുകയു, സ്പോൺസറാണെന്ന് തെറ്റിദ്ധരിച്ച് അയാളുടെ കൂടെ അവർ എത്തിപ്പെട്ടത് മസ്ര എന്നറിയപ്പെടുന്ന രണ്ട് വ്യത്യസ്തമായിട്ടുള്ള ആടുവളർത്തൽ കേന്ദ്രത്തിൽ ആയിരുന്നു.



b വൃത്തിഹീനമായ സാഹചര്യത്തിൽ ആടുകളെയും ഒട്ടകങ്ങളേയും പരിപാലിച്ചുകൊണ്ടുള്ള ജീവിതമായിരുന്നു മസറയിൽ. നജീബ് എത്തിയപ്പോൾ എവിടെ മറ്റൊരു വേലക്കാരൻ കൂടി ഉണ്ടായിരുന്നു വർഷങ്ങൾ നീട്ടുനിന്ന അടിമപ്പണി അയാളെ ഒരു ഭീകരരൂപി ആക്കി മാറിയിരുന്നു. നജീബ് വന്നു കുറച്ചുനാൾ കഴിഞ്ഞപ്പോൾ അദ്ദേഹത്തെ കാണാതായി .ഭീകരരൂപി രക്ഷപ്പെട്ടതുപോലെ തനിക്കും ആകും എന്ന് അയാൾ ഓർമ്മിച്ചു .എന്നാൽ അധികം ദൂരത്തല്ലാത്ത ഒരിടത്ത്നിന്ന് ഭീകര രൂപിയുടെ കൈപ്പത്തിയും കൂടെ അഴുകിയ നിലയിലുള്ള ശരീരവും കണ്ടപ്പോൾ നജീബ് രക്ഷപെടാനുള്ള എല്ലാ മാർഗങ്ങളും ഉപേക്ഷിച്ചു .തുടർന്ന് മസറയിലെ മുഴുവൻ ജോലികളും ചെയ്യേണ്ടി വന്നു. പച്ചപ്പാലും കബറൂസ് എന്ന അറബി റൊട്ടിയും ചുരുങ്ങിയ അളവിൽ വെള്ളവും മാത്രമായിരുന്നു കിട്ടിയിരുന്ന ഭക്ഷണം. നാട്ടിൽ പുഴവെള്ളത്തിൽ നിന്നും കരയ്ക്ക് കയറാതെ അധ്വാനിച്ചിരുന്ന നജീ ബിനു വെള്ളം കുടിക്കാൻ പോലുംകിട്ടാത്തഅവസ്ഥയും.

താമസിക്കാൻ ഒരു മുറിയോ, കിടക്കാനോ ഇല്ല. അതിനേക്കാൾ മോശം ജോലി ചെയ്യ്തിരുന്ന ഹക്കീമിനെ നജീബ് വല്ലപ്പോഴും കാണുന്നതു അറബാബിനു ഇഷ്ട്ടമായിരുന്നില്ല. കാരണം രണ്ടുപേരും ചേർന്നാൽ വിട്ടു പോകുമോ എന്ന അർബാബിന്റെ സംശയം, അതിനാൽ അവർ കണ്ടു മുട്ടുന്ന വേളയിൽമർദ്ദനംസ്ഥിരമായിരുന്നു.

ആടുകൾക്ക് നാട്ടിലെ കഥാപാത്രങ്ങളുടെയും സ്വന്തക്കാരുടെയും പേരുകൾ നൽകി അവരുമായി സംദിച്ചാണ് തന്റെ ഏകാന്തതക്ക് നജീബ് ആശ്വാസം കണ്ടെത്തിയത്. ഇതിനിടെ ഹക്കീം ജോലി ചെയ്യ്തിരുന്ന മാസറയിൽ ഇബ്രാഹിം ഖാദരി എന്നൊരു സോമാലിയക്കാരൻ കൂടി ജോലിക്കാരനായി വന്നു. ഒളിച്ചോടാനുള്ള അവസരം പാർത്തിരുന്നു ഹക്കീംമും ഖാദരിയും നജീബും. മസാരകളിലെ മുതലാളിമാർ അവരിൽ ഒരാളുടെ മകളുടെ വിവാഹത്തിൽ സംബന്ധിക്കാൻ പോയ അവസരം ഉപയോഗിച്ച് ഒളിച്ചോടി. മരുഭൂമിയിലൂടെ ദിവസങ്ങൾ നീണ്ടുനിന്ന പലായനത്തിൽ ദിശ നഷ്ടപ്പെട്ട അവർ ദാഹവും വിശപ്പും കൊണ്ട് വലഞ്ഞു .

യാത്രക്കിടയിൽ ദാഹം സഹിക്കാതെ ഹക്കീം മരിച്ചു. പിന്നെയും പലായനം തുടർന്ന നജീബ് ഒടുവിൽ ഒരു മരുപ്പച്ച കണ്ടെത്തി. അവിടെ ദാഹം തീർത്തു. കഥാരചനയുടെ മഹത്വമാണ് ഈ നോവൽ എത്ര വായിച്ചാലും മതി വരില്ല എന്നത് എനിക്ക് ഈ നോവൽ വളരെയേറെ ഇഷ്ടപ്പെട്ടു.ജീവിതം ഇങ്ങനെ ഒരു യാത്ര തന്നെയാണ്.

# രണ്ടു കുഞ്ഞു കഥകൾ

# പെണ്ണ്

ഭൂരിഭാഗം ആളുകൾക്കും ഭൂമിയിൽ ഏറ്റവും പ്രിയപ്പെട്ട സ്ഥലങ്ങളിൽ ഒന്നായിരിക്കും തന്റെ ജന്മനാട്, എന്നാൽ പാറുവിന്റെ കാര്യത്തിൽ അവൾക്ക് ഏറ്റവും വെറുക്കപ്പെട്ട സ്ഥലമാണ് അവളുടെ ജന്മനാട്............
ഭൂമിയിലേക്ക് താൻ ആഗതനായ ദിനം മുതൽ കണ്ടുവരുന്നതാണ് അച്ഛനും അമ്മയും തമ്മിലുള്ള വഴക്ക്. ഒരു ദിവസം പോലും സമാധാനം എന്നത് എന്താണെന്ന് അവൾ ആ വീട്ടിൽ നിന്ന് അറിഞ്ഞിട്ടില്ല. ദിവസവും ഉള്ള അമ്മയുടെ കരച്ചിലും അച്ഛൻറെ തല്ലും ശകാരവാക്കുകളും ആ കുഞ്ഞു കാതുകളെ മരവിപ്പിക്കുന്നുണ്ടായിരുന്നു.

വളർന്നുവരുതോറും വീട്ടിലെ ഈ പ്രശ്നങ്ങൾ അവളുടെ പഠനത്തെ പോലും ബാധിക്കുന്നുണ്ടായിരുന്നു .എന്നാൽ അതിന് അധികനാൾ ദൈർഘ്യം ഉണ്ടായിരുന്നില്ല. ഏഴാം ക്ലാസ് വിദ്യാർത്ഥിനി ആയിരുന്ന സമയത്ത് ഒരു ദിവസം വൈകുന്നേരം പള്ളിക്കൂടത്തിൽ വീട്ടിലേക്ക് തിരിച്ചെത്തിയ പാറു കണ്ടത് തന്റെ ഏക ആശ്രയമായ അമ്മ മൂക്കിൽ നിന്നും രക്തം ഒലിപ്പിച്ച് കിടക്കുന്നതായിരുന്നു .ഒരു നിമിഷത്തേക്ക് എന്തുചെയ്യണമെന്ന് അറിയാതെ അവൾ പദറിൽ നിന്നും പോയി.അയൽവാസികളെയെല്ലാം വിളിച്ചുരുത്തി അമ്മയെ ആശുപത്രിയിൽ എത്തിച്ചു , സുഖപ്പെടുത്തി. നേരം വൈകിയിട്ടും അച്ഛൻ വീട്ടിൽ തിരിച്ചെത്തിയില്ല. ഇതിനെപ്പറ്റി അമ്മയുടെ അടുത്ത് ചോദിച്ചെങ്കിലും നിരാശയായിരുന്നു ഫലം. ദിവസങ്ങൾ കടന്നുപോകുന്തോറും അച്ഛൻ തങ്ങളെ ഉപേക്ഷിച്ചു പോയതാണെന്ന് അവൾക്ക് സ്വയം മനസ്സിലാക്കി . കൂലിപണിക്കും തൊഴിലുറപ്പിനും പോയി കിട്ടുന്ന തുച്ഛമായ വരുമാനം കൊണ്ട് പത്താംതരം വരെ പാറുവിനെ വലിയ രീതിയിലുള്ള ബുദ്ധിമുട്ടുകൾ ഒന്നും നേരിടേണ്ടി വന്നില്ല .

SSLC പരീക്ഷയിൽ A+ ലഭിച്ചതിനാൽ സർക്കാർ വകയുള്ള സ്കൂളിൽ കയറിപ്പറ്റി. എങ്കിലും പുസ്തകങ്ങൾ വാങ്ങാനും മറ്റു ആവശ്യങ്ങൾക്കുമായി അവൾക്ക് കുറച്ചു പണം സംഘടിപ്പിക്കണം ആയിരുന്നു. അച്ഛൻ മദ്യപാനിയായിരുന്നതിനാൽ കുടുംബക്കാരാരും സഹായത്തിന് വന്നിരുന്നില്ല .ഇപ്പോൾ അച്ഛൻ വിട്ടു പോയിട്ടും ഒരു അണ തന്നു പോലും ആരും സഹായിച്ചിരുന്നുമില്ല. നാട്ടുകാർ ആവട്ടെ കുറ്റം പറയാനും പരദൂഷണം പറയാനും അല്ലാതെ ഒരു ഉപകാരത്തിനും എത്താറില്ല. ചുരുക്കം പറഞ്ഞാൽ എവിടെ നിന്നും ഒരു പ്രതീക്ഷയ്ക്ക് വകയില്ലെന്ന് അർത്ഥം. ഇനി പഠനത്തിനിടയിൽ പാറു ഒരു ജോലിക്ക് പോകണം, അല്ലാതെ മറ്റൊരു മാർഗം അവൾക്കു മുൻപിൽ ഇല്ല. പ്ലസ് വൺ പ്ലസ് ടു കാലഘട്ടങ്ങളിൽ ദുരിതങ്ങളുടെ ഒരു കുമ്പാരം തന്നെ അവൾ അനുഭവിച്ചുതീർന്നിരുന്നു.

അതിലൊന്നാണ് ചോദിക്കാനും പറയാനും ആരുമില്ലാത്തവൾ എന്ന പേരിലുള്ള സീനിയർ വിദ്യാർത്ഥികളുടെ ശല്യം ചെയ്യൽ .ഇത് സഹിക്കാൻ ആവാത്ത വിധം ആയപ്പോഴാണ് ദൈവദൂതന്മാരെ പോലെ രണ്ടുപേർ അവളുടെ ജീവിതത്തിലേക്ക് അവതരിക്കുന്നത് . അവർ പാറുവിന് കാവലായി മാറി. അവരാണ് അവൾക്ക് ധൈര്യംപകർന്നത്. നിനക്ക് നീ മാത്രം മതി എന്ന് അവളെ പഠിപ്പിച്ചുകൊടുത്തു.

ഇവർ പിന്നീട് ഒറ്റചങ്ങാതിമാരായിരുന്നു .വാസ്തവത്തിൽ അന്ന് അവർ രണ്ടുപേരും പാറുവിന്റെ സുഹൃത്തുക്കൾ ആയിരുന്നില്ലായെങ്കിൽ ഒരുപക്ഷേ മാനസിക സമ്മർദ്ദം താങ്ങാൻ വയ്യാതെ ഹൃദയാഘാതം വന്ന് പാറുവിന്റെ പ്ലസ് ടു കാലഘട്ടത്തിൽ അവളുടെ അമ്മ മരണപ്പെട്ടു പോയതുപോലെ അവളും പോയേനെ. പാറുവിന്റെ ഏറ്റവും വലിയ ആഗ്രഹമായിരുന്നു ഒരു വക്കീലാവുക എന്നത് .അവൾ ദിവസവും ചെറിയ ചെറിയ ജോലികൾക്ക് പോയി സമ്പാദിക്കുന്നു. തുടർച്ചയായ വരുമാനം സ്വരുക്കൂട്ടി വച്ച് എൽഎൽ ബി ക്ക് ചേർന്നു. പക്ഷേ ആ കാശ് ഒന്നും ഒന്നുമായിരുന്നില്ല. അതിനാൽ രണ്ടും കൽപ്പിച്ച് കുടുംബക്കാരുടെ അടുത്ത് ചോദിക്കാം എന്ന് അവൾ തീരുമാനിച്ചു. പക്ഷേ എല്ലായിടത്തുനിന്നും അപമാനവും ആട്ടി തുപ്പലുകളും മാത്രം ലഭിച്ചു .എന്തു ചെയ്യും എന്ന് അറിയാതെ തലതാഴ്ത്തിക്കൊണ്ട് അവൾ ഓരോ വീടിന്റെയും പടികൾ ഇറങ്ങി.

ഓരോ പടിയിറങ്ങുമ്പോഴും താൻ പാതാളത്തോളം താഴ്ന്ന പോവുകയാണ് എന്ന് അവൾക്ക് തോന്നി .വേറെ ഒരു മാർഗ്ഗവും മുന്നിൽ തെളിയാത്ത പക്ഷം ഹൃദയം പൊട്ടുന്ന വേദനയോടെ അവൾക്ക് അവളുടെ കിടപ്പാടം വിൽക്കേണ്ടി വന്നു. ആരൊക്കെയോ ഉപേക്ഷിച്ചു പോയ ചെറുകുടിയിലുകളിൽ പാറു വാടകയ്ക്ക് പാർത്തു. ദുരിതങ്ങൾക്കും നിരാശകൾക്കും കഷ്ടപ്പാടിനും അന്ത്യമില്ലാത്ത ജീവിതം എന്ന് തോന്നിപ്പോകുന്ന പാറുവിന്റെ ജീവിതം പൂവണിഞ്ഞത് അവളുടെ സ്വപ്നം പൂവണിഞ്ഞപ്പോഴാണ്. എന്നോ മുതൽക്കൊക്കെ മനസ്സിൽ കൊണ്ടുനടന്ന ആ വക്കീൽ കോട്ട് ദേഹത്ത് അണിഞ്ഞപ്പോഴാണ് ഒരു ജീവിതം മുഴുവൻ ഒറ്റയ്ക്ക് നിന്ന് പൊരുതിയ കരുത്തുറ്റ ഒരു പെണ്ണാണ് പാറു. തുണയാകേണ്ടവർ വലിച്ചെറിഞ്ഞു പോയപ്പോഴും മനസ്സ് പതറാതെ മുന്നോട്ടു കുതിച്ചവൾ ഇന്ന് നാട്ടിലെ ധാരാളം അനാഥ കുട്ടികൾക്ക് തുണിയാവുന്നവൾ പാർവതി.

ഇത് വെറും പാറുവിന്റെ മാത്രം കഥയല്ല സ്വപ്നങ്ങളും ആഗ്രഹങ്ങളും ഉള്ളിൽ ഒതുക്കി കഴിയുന്ന അന്നും ഇന്നും എന്നും സമൂഹത്തിൽ അടിച്ചമർത്തപ്പെടുന്ന പെൺ വർഗ്ഗത്തിന് പ്രചോദനമാകുന്ന പെൺകരുത്തിന്റെ കഥയാണ് .ലോകത്തിന് മീതെ ആണിനു മുകളിൽ പറക്കാൻ കരുത്തുള്ള പെൺകുട്ടികളുടെ ചിറകുകൾ മുളയിലെ നുള്ളി കളയുന്ന ആളുകൾ ഇന്നും സമൂഹത്തിൽ അവശേഷിക്കുന്നുണ്ട് അവർക്ക് വേണ്ടി ഞാൻ ഈ കഥ സമർപ്പിക്കുന്നു....

ഷിസ . ഫാത്തിമ
9.E

# ചിരുമ്മ

അമ്മ പറഞ്ഞു തന്ന ഏതോ കാലഘട്ടത്തിലെ അനുഭവങ്ങളിലെ ഒരു കഥാപാത്രമാണ് ചിരുമ്മ.ഒരു ചെറിയ ഗ്രാമപ്രദേശം.ആളുകൾ ഒത്തൊരുമയോടെ സ്നേഹത്തോടെ സഹകരണത്തോടെ എന്നും താമസിക്കുന്ന സ്ഥലം.

ഒരു ദിവസം രാവിലെ നെയ്ത്ത് കമ്പനിക്ക് അരികിൽ അപപിചിതയായ ഒരുസ്ത്രീരൂപം.ചുക്കി ചുളിഞ്ഞ ശരീരം,പല്ലുകൾകൊഴിഞ്ഞ്,കീറിപറഞ്ഞവസ്ത്രങ്ങളുമായി.ഭക്ഷ ണംകഴിച്ചിട്ടും,കുളിച്ചിട്ടുംദിവസങ്ങളായി.

ആളുകൾ പലരായി വന്ന് കാണാൻ തുടങ്ങി.മക്കളാൽഉപേക്ഷിക്കപ്പെട്ടതാവാം പാവം വൃദ്ധ എന്ന നിഗമനത്തിൽ എത്തി.ആ ദേശ വാസികൾ അവരെ ഉപേക്ഷിച്ചില്ല.കുളിപ്പിച്ചു.നല്ല വസ്ത്രം നല്കി.താമസിക്കാൻ ഇടം നല്കി.

വിഷാദം നിറഞ്ഞആ മുഖത്ത് സന്തോഷത്തിന്റെ ഉദയ സൂര്യൻ.നാട്ടുകാർക്ക് അവർ ചിരുവമ്മയായി.കുട്ടികൾക്ക് അവർകഥപറയുന്നമുത്തശ്ശിയായി.

ഇത് ഒരു ചിരുമ്മയുടെ കഥയല്ല.അനുഭവങ്ങളുടെ കാലം മാറുന്നു....സ്നേഹവും പരിഗമനയും പ്രതീക്ഷിച്ച് ആയരം ചിരുമ്മമാർ ചുറ്റിലും.........

പാർവ്വതി.എം.വി-8k

# കവിതകൾ

# മഴയുടെ മധുരം

മഴയുടെ മധുരം വരികളായി കേൾക്കുന്നു
പുതുവഴികൾ തുടരുന്നു മനസ്സിൽ
തണുപ്പിന്റെ നിറമുള്ള
വെള്ളിത്തിരയിൽ
പ്രണയം നിറഞ്ഞ കണ്ണീർ കാണുന്നു
മഴ തുടരുന്നു
തണുത്ത പ്രണയത്തിൻറെ
പലനിറങ്ങളായി തെളിയുന്നു
മഴയും സമയവും കൂട്ടുതൽ
.നല്ലതായിരിക്കുന്നു
അതിനുശേഷം നിറഞ്ഞ
ഹൃദയത്തിൽ
സന്തോഷം കാണുന്നു നല്ലതാണ്

യദു ടി പി

# ഗുരുനാഥൻ

ഗുരുവെന്ന നാമം എത്ര വിശുദ്ധ
ഗുരുവെന്നത് അതിനേക്കാൾ വിശുദ്ധം
ആദ്യാക്ഷരം മുതൽ പ്രപഞ്ചസത്യം വരെ
പിന്നെ സ്നേഹത്തിൻ സത്യത്തിൻ
തത്വത്തിൻ മുത്തുകൾ, എൻറെ
ഹൃദയമാം കലവറ തന്നിൽ നിറച്ചു !
അറിവിൻറെ ദീപമാല എന്നെ നയിച്ചു
പുസ്തകങ്ങൾക്കപ്പുറം എന്നെ എത്തിച്ചു !
പൂർവ്വ പിതാക്കൾ തന്നുടെ ജീവിതവും അതിലെ
പവിഴത്തിൻ കണികകളും എന്നെ കാണിച്ചു !
ചരിത്രവും ദേശാവൂർ അതിലെ സാത്തുക്കളും
വിസ്തരിച്ചാന്തരികർത്ഥമോടോത് !
വേഷവും ജാതിയും മതഭേദവും എല്ലാം
മനുഷ്യസൃഷ്ടി ആണെന്ന് എന്നെ പഠിപ്പിച്ചു.......


ഹാത്തിബ ഹൻവ . ടി
8-D

# വിപത്ത്

ഒരു കൂട്ടം സവിശേഷതകളും കൊണ്ടവൻ-
കടന്നുകൂടി മനസ്സിനുള്ളിൽ.
കുപ്പിയും ടിപ്പിയും കളിപ്പാട്ടവുമായ്-
കടന്നുകൂടി ജനജീവിതത്തിൽ.
ആർത്തിയും സ്വാർത്ഥതാല്പര്യങ്ങളും കൊണ്ട് നാം-
വലിച്ചെറിഞ്ഞവനെ ഉപയോഗശേഷം
ഗുണങ്ങൾ പലതുണ്ടെങ്കിലും നാം-
ദുരുപയോഗം ചെയ്തുകൊണ്ടിരുന്നവനെ.
കത്തിച്ചും വലിച്ചെറിഞ്ഞും നാം-
നമ്മുടെ ജീവന് തന്നെ ഭീഷണിയാക്കി.
ഒരു നൂറ്റാണ്ടു മുമ്പേ കണ്ടെത്തി
പ്ലാസ്റ്റിക് എന്ന ഈ മാരക വിപത്തിനെ
പലവിധത്തിൽ പലനേരത്ത്
പാഞ്ഞുവന്നു പരിസ്ഥിതി പ്രശ്നങ്ങൾ
എന്നിട്ടും വന്നില്ല ഗൗരവം മനുഷ്യന്
മലിനമാക്കി ജലാശയങ്ങളെ നാം
ദുരിതത്തിൽ ആക്കി സസ്യജന്തുക്കളെ
ഭൂമിയിൽ സന്തോഷം ഉണ്ടാകണമെങ്കിൽ
നടത്തണം പരിഹാരം മനുഷ്യൻ തന്നെ!

മൃദുനാ എം വി

8.J


നന്ദി